***ജൂൺ 23,24 തിയതികളിൽ കോഴിക്കോട് IIM ൽ വെച്ച് നടത്തിയ മാനേജ്മെന്റ് വൈദഗ്ധ്യ പരിശീലനത്തിൽ പങ്കെടുത്തതുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന റിപ്പോർട്ട്.***

കുടംബശ്രീ സംസ്ഥാന മിഷന്റെ നിർദ്ദേശാനുസരണം കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ ജൂൺ 23,24 തിയതികളിൽ കുടുംബശ്രീ ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച പരിശീലനത്തിൽ പങ്കെടുത്തു. പരിശീലന മൊഡ്യൂളുകളും മറ്റ് വിശദാംശങ്ങളും നേരത്തെ എത്തിച്ചിരുന്നുവെങ്കിലും കുടുംബശ്രീ ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് മേഖലയിലുള്ള പരിശീലനം ഏത് രീതിയിലായിരിക്കും എന്നുള്ള ആശങ്കയോടെയായിരുന്നു ആദ്യദിനം പങ്കെടുക്കാനെത്തിയത്.

വളരെ നല്ല രീതിയിലുള്ള ആതിഥ്യ മര്യാദയായിരുന്നു തുടക്കം മുതൽ ലഭിച്ചതെന്നതിനാൽതന്നെ അത്തരത്തിലുള്ള ആശങ്ക അസ്ഥാനത്താണെന്ന് മനസ്സിലായി. മികച്ച രീതിയിലുള്ള താമസ, ഭക്ഷണ സൗകര്യങ്ങളായിരുന്നു പരിശീലനാർത്ഥികൾക്കായി ഒരുക്കിയത്. ട്രെയിനിംഗ് കോ-ഓർഡിനേറ്ററും ഫാക്കൽറ്റിയുമായ പ്രൊഫസർ പ്രിയ നായർ രാജീവ്, ശ്രീമതി. സിമിജോസ്, ശ്രീ. ഷിർജിൽ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പരിശീലനത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിരുന്നത്.

പരിശീലനത്തിന്റെ നേട്ടങ്ങളെയും കോട്ടങ്ങളെയും എന്റെ അനുഭവത്തിൽ താഴെ പറയുന്ന രീതിയിൽ വിശദീകരിക്കാനാഗ്രഹിക്കുന്നു.

**നേട്ടങ്ങൾ**

പരിശീലനത്തിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നത് ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ മാനേജ്മെന്റ് പഠന കേന്ദ്രമായ കോഴിക്കോട് ഐ.ഐ.എമ്മിൽ മാനേജ്മെന്റ് സ്കിൽ സംബന്ധിച്ച പരിശീലനത്തിനവസരം ലഭിച്ചു എന്നത് തന്നെയാണ്. നഗരത്തിൽ നിന്ന് അകലെയല്ലാതെയും എന്നാൽ അനുഗൃഹീതമായ ഭൂപ്രകൃതിയും സ്വന്തമായുള്ള കോഴിക്കോട് ഐ.ഐ.എം തീർച്ചയായും ഒരിക്കലെങ്കിലും സന്ദർശിക്കേണ്ടതുണ്ട്. അടുക്കും ചിട്ടയുമുള്ള സംഘാടനം, പരിശീലനാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, സമയ ക്ലിപ്തത തുടങ്ങിയ കാര്യങ്ങളിൽ മികച്ച പാഠങ്ങളാണ് ഐ.ഐ.എം നൽകിയത്. കൂടാതെ ഐ.ഐ.എം കേന്ദ്രത്തിലുള്ള വിവിധ സൗകര്യങ്ങൾ മനസ്സിലാക്കുന്നതിനും സാധിച്ചു. മികച്ച ലൈബ്രറിയും നന്നായി സംവിധാനം ചെയ്ത മ്യൂസിയവും കാണുന്നതിനും മനസ്സിലാക്കുന്നതിനും സംവിധാനമൊരുക്കിയതും പരിശീലനത്തിന്റെ നേട്ടമായി കരുതുന്നു.

**കോട്ടങ്ങൾ**

പരിശീലനത്തിന്റെ സ്വഭാവം തന്നെയായിരുന്നു ഏറ്റവും വലിയ കോട്ടം, കുടുംബശ്രീ പോലുള്ള തീർത്തും സാധാരണക്കാരുമായി ഇടപെടുന്ന ഒരു സംവിധാനത്തിൽ തങ്ങളുടെ കഴിവ് മെച്ചപ്പെടുത്തുന്നതിനോ നിലവാരമുയർത്തുന്നതിനോ അനുയോജ്യമായ പാഠ്യക്രമം തെരഞ്ഞെടുക്കാൻ സംഘാടകർക്ക് കഴിഞ്ഞില്ല. കുടുംബശ്രീ സംസ്ഥാന മിഷൻ നേരിട്ട് നടത്തിയ പല പരിശീലനങ്ങളുടെയും തനിയാവർത്തനം മാത്രമായിരുന്നു മിക്ക സെഷനുകളും. ഒരേ ഒരു ഫാക്കൽറ്റിയെ മാത്രം നിയോഗിച്ചതിലൂടെ മൊത്തം പരിശീലനത്തിന്റെയും ഗൗരവം നഷ്ടപ്പെടാനും ഇടയാക്കി. ദ്വിദിന പരിശീലനങ്ങളുടെ വിരസത ഒഴിവാക്കാനും എളുപ്പത്തിൽ കാര്യങ്ങൾ ഗ്രഹിക്കാനും സഹായകമായ ഗെയിമുകൾ ഉൾപ്പെടുത്താതിരുന്നതും പരിശീലനത്തിന്റെ സ്വഭാവം മാറാൻ ഇടയായി. പരിശീലനത്തിന്റെ വിഷയം മാനേജ്മെന്റ് വൈദഗ്ധ്യമായിരുന്നുവെങ്കിലും കുടുംബശ്രീ സംവിധാനം സംബന്ധിച്ച് കൃത്യമായ ധാരണയുള്ള ഒരാളെയും പേഴ്സണാലിറ്റി ഡവലപ്മെന്റ്, ടൈം മനേജ്മെന്റ് മേഖലയിൽ നിന്ന് ഓരാളെയും ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ പരിശീലനത്തിന് മികച്ച ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുമായിരുന്നു.

വലിയ പാഠ്യാനുഭവങ്ങളില്ലാതെ ഒരു സാധാരണ പരിശീലനം മാത്രമായി അവസാനിച്ചുവെങ്കിലും കോഴിക്കോട് ഐ.ഐ.എം അടുത്തറിയാൻ സാധിച്ചു എന്നത് ഒരു ഭാഗ്യമായി കരുതുന്നു.

ജയചന്ദ്രൻ. കെ.പി

എ.ഡി.എം.സി
കുടുംബശ്രീ വയനാട്